ജാലകം



ദേവമാതാ ഹൈസ്ക്കൂൾ ചേന്നങ്കരി

ലിറ്റിൽ കൈറ്റ്സ്

ഡിജിറ്റൽ മാഗസിൻ

2018-2019

ദേവമാതാ ഹൈസ്കൂൾ ചേന്നങ്കരി

സന്ദേശം

പ്രിയ കുട്ടികളെ,

അനന്ത സാധ്യതകളിലേയ്ക്ക് തുറക്കുന്ന ജാലകമാണ് വിദ്യാഭ്യാസം.ആ ജാലകത്തിലൂടെ കാണുന്ന അനന്ത വിഹായസ്സിലേയ്ക്ക് പറന്നുയരാൻ നിങ്ങൾക്കാകട്ടെ.മനുഷ്യന്റെ വളർച്ചയ്ക്ക് അതിരുകളില്ല, അവൻ തന്നെ അത് നിശ്ചയിക്കാത്തിടത്തോളം കാലം. വളർച്ച ഒരിക്കലും ഒറ്റപ്പെട്ടതുമല്ല.കൂട്ടായ്മയിലൂടെ അത് സാധ്യമാക്കണം.ലിറ്റിൽ കൈറ്റ്സ് എന്ന വലിയ കൂട്ടായ്മയുടെ ബന്ധുബലം നിങ്ങളെ അതിനു സഹായിക്കട്ടെ.

ആകാശത്തു പറക്കേണ്ട കഴുകനെ ചെറുചരടുകൊണ്ട് നിലത്ത് കെട്ടിയിടാം.ആ ചരട് പൊട്ടിച്ചാൽ പിന്നെ അതിന്റെ ലോകം ആകാശത്തിന്റെ അനന്തതയാണ്.കുഞ്ഞുങ്ങളെ നിങ്ങളും അറിവിന്റ സ്വാതന്ത്ര്യത്തിലേയ്ക്ക് പറക്കുക പറന്നുയരുക.ദൈവം നിങ്ങൾക്ക് നൽകിയിരിക്കുന്ന അപാര സാധ്യതകൾ കണ്ടെത്തുവോളം.

പ്രാർത്ഥനാശംസകളോടെ,

ഫാ.ജോർജ്ജ് പനയ്ക്കഴം

സന്ദേശം

ചേന്നങ്കരി ദേവമാതായിൽ ഹൈടെക് "ജാലകം" തുറന്നിരിക്കുന്നു.വിരൽത്തുമ്പിൽ അറിവിന്റെ വിസ്മയലോകം തീർക്കുന്ന സൈബർ യുഗത്തിൽ കാലത്തിനൊപ്പം നീങ്ങാൻ ദേവമാതായിലെ പ്രതിഭകളും അണിനിരക്കുന്നു.കഥകളും കവിതകളും ലേഖനങ്ങളും ചിത്രങ്ങളും ഒക്കെക്കൊണ്ട് സമ്പന്നമായ "ജാലക"ത്തിലൂടെ പുതുതലമുറയുടെ സർഗശേഷി തെളിയുന്നു. ഹൈടെക് മേഖലയിൽ ഒത്തിരി നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കട്ടെ.

ജോളി ജോസഫ്
ഹെഡ് മിസ്ട്രസ്

ആശംസ

സ്കൂളിലെ ഐറ്റി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഊർജസ്വലമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിയുന്നു. അതിന്റെ ഭാഗമായ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുണ്ടല്ലോ.ഹൈടെക്ക് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നമ്മുടെ സ്കൂളിൽ പൂർത്തികരിച്ച മാഗസിന് എല്ലാ ആശംസകളും നേരുന്നു.ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ വിജയപൂർവ്വം മുന്നേറട്ടെ.

തോമസ് സ്കറിയ കാവനാട്

(പി.റ്റി.എ പ്രസിഡന്റ്)

ചേന്നങ്കരി

14-01-2019

അവതാരിക

ആഗോള ഗ്രാമമായി ലോകം മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിരൽതുമ്പിൽ വിജ്ഞാനം വിതറുന്ന സൈബർ സാധ്യതകളെ ഉപയോഗപ്പെടുത്തുവാൻ ദേവമാതാ വിദ്യാലയത്തിലെ ഐ.റ്റി ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പരിശ്രമത്തിന്റെ പ്രതിഫലനമാണ് ജാലകം എന്ന ഈ മാഗസിൻ. അറിഞ്ഞതിനെ അക്ഷരത്തിലൂടെ പകരുവാൻ കൂട്ടുകാർ ശ്രമിച്ചിരിക്കുന്നു. സ്കൂളിന്റെ ചരിത്രം ഉൾപ്പടെയുള്ളവയെക്കുറിച്ച് ആഴമായ അറിവ് ഇത് നമ്മുടെ മുൻപിൽ തുറക്കുന്നു. അക്ഷരം കൊണ്ട് ജാലവിദ്യകാട്ടിയ മാന്ത്രികർക്ക് എല്ലാ അഭിനന്ദനങ്ങളും നേരുന്നു. പുതിയ ഒരു കാൽവയ്പായി ഇത് എല്ലാവർക്കും അറിവും അനുഭവവും പകരട്ടെ.

"അക്ഷര മലരുകൾ അർപ്പിച്ചു ഞങ്ങൾ
ദൈവമെ നിൻ പാദം നമിച്ചിടുന്നു."

പിന്നണിയിൽ

മാർഗദർശനം

- ജോളി ജോസഫ്
  (ഹെഡ് മിസ്ട്രസ്)
- ആശ സെബാസ്റ്റ്യൻ
- മറിയമ്മ ജോസഫ്
  (കൈറ്റ് മിസ്ട്രസുമാർ)

എഡിറ്റേഴ്സ്

- അലൻ സാബു
  (ചീഫ് എഡിറ്റർ)
- രാഹുൽ പി രാജു
- പാർവ്വതി എം
- രഹൻ എസ് തോമസ്
- ട്രീസാ മരിയാ വർഗ്ഗീസ്

കവർപേജ്

- അക്ഷയ് ആർ
- അമൽ കെ പി

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- അലൻ സാബു
- അലൻ ജെ കാക്കനാട്
- അക്ഷയ് ആർ
- രഹൻ എസ് തോമസ്
- രാഹുൽ പി രാജു
- അമൽ കെ പി
- ജിബിൻ ജോസഫ്
- അഖിൽ വി
- ജ്യോതിസ് ജോഷി
- ജോസി ബൈജു
- റോഷൻ ജെയിംസ്
- യദു കൃഷ്ണ ആർ
- . ലയ മെറി തോമസ്
- . സുനി സുബാഷ്
- . ഗായത്രി എ
- . അമല തോമസ്
- .അലീന ആന്റണി
- .ട്രീസാ മരിയാ വർഗ്ഗിസ്
- .പാർവ്വതി എം
- . ജോസ്ന ജോബി
- . ദേവിക ബിജു

മുഖമൊഴി

മഴപെയ്ത് തുളുമ്പിയ പകലിൽ വിരസതയോടെ
നോക്കുമ്പോൾ ജാലകത്തിനപ്പുറം ആകാശം.....
ഒരു കഥയുടെ ക്യാൻവാസ് പോലെ തോന്നി.
മഴയുടെ ഫ്രെയിമിൽ മനസ്സിലേക്ക് തെളിഞ്ഞത്
കൈറ്റ്സിന്റെ ക്ലാസിൽ ടീച്ചർ പറഞ്ഞ-
സാധ്യതകളുടെ ലോകം
ജാലകങ്ങൾ നമുക്കു മുൻപിൽ
മലർക്കെ തുറന്നിട്ടിരിക്കുന്നു.
കൂട്ടുകാരേ നമ്മുക്കു മുന്നേറാം.....
സ്ഥിരോത്സാഹികളായ ശാസ്ത്രജ്ഞരാകാം
സമത്വവും സമാധാനവും സമൃദ്ധിയുമുള്ള
ഒരു നവഭാരതത്തിന്റെ ശില്പികളാകാം.....

അലൻ സാബു
(ചീഫ് എഡിറ്റർ)

ഉള്ളടക്കം

ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ....11
ലിറ്റിൽ കൈറ്റ്സ്-വിവരസാങ്കേതികവിദ്യയുടെ....13
LITTLE KITES....14
പടുത്തുയർത്താൻ ദൈവം....15
വൈക്കം മുഹമ്മദ് ബഷീർ....17
ഹൈടെക്-മറക്കാനാവാത്ത ഓർമ്മകൾ....18
AMAZING FACTS....19
ബാധ്യതയായി മാറുന്ന മാലിന്യ സംസ്കരണം....20
പുതുവർഷത്തിൻ പൊൻപുലരി....21
MY MOTHER....22
SAVE WATER....23
എന്റെ വെള്ളപ്പൊക്ക അനുഭവങ്ങൾ....24
പത്രവായന....25
പ്രകൃതിമനോഹരി....26
WE ARE ONE....27
ഒരു നന്ദി പറഞ്ഞു കൂടെ....28
പ്രളയത്തിൽ തകരാത്ത കേരളം....29
തിരിച്ചടിക്കുന്ന പ്രകൃതി....30
അസ്തമയ കിരണം....31
അവൾ മൊഴിഞ്ഞു....32
അവിസ്മരണീയം....34
പ്രാർത്ഥന....35
എന്റെ വഴി വിളക്ക്....36
കഥകളി....38
ജീവിത നഷ്ടസ്വപ്നങ്ങൾ....39
മാതൃഭാഷ....41
അതിജീവനത്തിന്റെ ആഹ്ലാദം....42
ഏകാഗ്രത....43
നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത്....44
തെന്നാലിരാമൻതല്ലുകൊള്ളിരാമൻ....45
ജീവന്റെ *നില*നിൽപ്പ്....46
റെഡ്ക്രോസ്....47
പഠനോത്സവം....48
ഞങ്ങളുടെ മികവുത്സവം....48

ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ
ദേവമാതാ ഹൈസ്കൂൾ

പച്ചപ്പട്ടു വിരിച്ച പാടശേഖരങ്ങളും നറുതെന്നലാൽ കുഞ്ഞോളങ്ങൾ മെനയുന്ന ആറ്റുതീരവും തെങ്ങോലകളാൽ മാടിവിളിക്കുന്ന പ്രകൃതിയും പ്രൗഢഗംഭീരമായി ഉയർന്നു നിൽക്കുന്ന സെന്റ് ജോസഫ് ദൈവാലയവും അതിനോടനുബന്ധിച്ചു നിലകൊള്ളുന്ന ദേവമാതാ ഹൈസ്ക്കൂൾ എനിക്കെന്നും പ്രിയപ്പെട്ടതാണ്.ഇവിടെ പഠിക്കുവാനും പഠിപ്പിക്കുന്നതിനും ഭാഗ്യം ലഭിച്ചതിനു സർവ്വശക്തനായ ദൈവത്തിനു നന്ദി.ആയിരമായിരം നറുമലരുകൾ അർപ്പിക്കുന്നു.

ഓർമ്മകൾ ഒരു നൂറ്റാണ്ടിനപ്പുറം കടക്കുമ്പോൾ ഈ ഇടവകക്കാരനായിരുന്ന വി.ചാവറ അച്ചന്റെ പള്ളിയോടനുബന്ധിച്ചു പള്ളിക്കൂടം എന്ന ആശയത്തിന് കരുത്തേകി 1909-ൽ നിർമ്മിച്ചതാണ് സെൻറ് മേരീസ് എൽപി. സ്ക്കൂൾ.ഇടവകക്കാരായിരുന്ന അധ്യാപകരാണ് ഇവിടെ കുട്ടികളെ പഠിപ്പിച്ചിരുന്നത്.ഇവർ കുട്ടികൾക്ക് നല്ല ശിക്ഷണവും,അച്ചടക്കവും നൽകാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.പ്രൈമറിതലം 5-ാം ക്ലാസ്സ് ആരംഭിച്ചു.ഇത് 1955-56 വിദ്യാഭ്യാസ വർഷം വരെ തുടർന്നു.പിന്നീട് പ്രൈമറി തലം 4 കൊല്ലമാക്കി.

പ്രൈമറിതലം 5 ക്ലാസ് ആക്കിയതിന്റെ തുടർച്ചയായി സെന്റ് മേരീസ് യു.പി.സ്കൂൾ ആയി ഉയർത്തി മിഡിൽ സ്കൂളിന് ആവശ്യമായ കെട്ടിടങ്ങളും,സ്കൂൾ ഗ്രൗണ്ടും കളിസ്ഥലവും ഉണ്ടാക്കുകയുംചെയ്തു.യൂപി.എസിന്റെ ആവിർഭാവത്തോടെ ആരാധനാമഠവും ആരംഭിച്ചു ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സേവനങ്ങൾ ഏറെ നന്ദിയോടെ ഓർക്കാം.

ഇടവകക്കാരുടെ ആഗ്രഹ പ്രകാരം 1966-67 വിദ്യാഭ്യാസ വർഷത്തിൽ സെന്റ് മേരീസ് യു.പി.എസ്ദേവമാതാഹൈസ്കൂളായി ഉയർന്നു.ബഹുമാനപ്പെട്ട മൂലംകുന്നത്തച്ചൻ ,ആൻറണി ഇളയച്ചൻകളത്തിലച്ചൻഎന്നിവരുടെഉത്സാഹവുംനാട്ടുകാരുടെ സംഭാവനയും,സന്മനസ്സും ,സഹകരണവും ഒത്തുകൂടിയപ്പോൾ ഹൈസ്കൂൾ എന്ന സ്വപ്നം പൂവണിഞ്ഞു.അനേകായിരങ്ങൾക്ക് അക്ഷരങ്ങളുടെ വെളിച്ചമായ അക്ഷരമുത്തശ്ശിക്ക് ആയിരമായിരം പ്രണാമം അർപ്പിച്ചുകൊണ്ട് ചുരുക്കട്ടെ.

ലൂസിയാമ്മ പി
(അധ്യാപിക)

ലിറ്റിൽ കൈറ്റ്സ്-
വിവരസാങ്കേതികവിദ്യയുടെ
വിസ്മയലോകം

കമ്പ്യൂട്ടറിന്റെ അറിയാപാഠങ്ങൾ
ആനിമേഷന്റെ അനന്തസാധ്യതകൾ
മലയാളരചനയുടെ രസങ്ങളിലൂടെ...
ഇന്റർനെറ്റിന്റെ വിശാലതയിലേയ്ക്ക്...
സ്ക്രാച്ചിന്റെ അത്ഭുതലോകം...
മൊബൈൽ ആപ്പ്-ആഴങ്ങളിലേയ്ക്ക്
പൈത്തണും ഇലക്ട്രോണിക്സും
ഭാവിയുടെ വാതായനങ്ങൾ
റോബോട്ടിക്സ്- ചിന്തകൾക്കുമപ്പുറം
ഹാർഡ് വെയർ -സർവസഹായി
കൈറ്റിന്റെ സംരംഭം
ഹൈസ്കൂൾക്കൂട്ടായ്മ
ഹൈടെക്കിനൊരു കൈത്താങ്ങ്
സ്കൂൾവിക്കിയിലേയ്ക്ക്
ഒന്നുചേരാം ഒന്നിച്ചുയരാം

ആശ സെബാസ്റ്റ്യൻ
(കൈറ്റ് മിസ്ട്രസ്)

LITTLE KITES

We, the little kites
Flying in the sky high
The sky,
Full of knowledge and wisdom
Full of will and wishes
Full of dreams and hopes

We, the little kites
Long to fly high
To win our life and dreams
To have it and own it
No one can withhold us
No one can perish us

We, the little kites
Floating in the sky high
Sure, we'll adorn and cherish
Our life with joy and delights
And make this world like paradise
With our colourful sparks and deeds.

Shiny V J
(Teacher)

പടുത്തുയർത്താൻ ദൈവം ഏൽപിച്ച ജോലി

2004 ജനുവരിയിൽ എടത്വാ സെന്റ് അലോഷ്യസ് എച്ച് .എസ് . എസിൽ ആനുവൽ സ്പോർട്സ് നടക്കുകയാണ്. ഞാൻ അവിടെ ലീവ് വേക്കൻസിയിൽപഠിപ്പിക്കുന്ന.പഠിക്കാത്തവർ ജയിക്കാതേ ഇരുന്നിരുന്നൊരു കാലം. അതുകൊണ്ടു തന്നെ പെണ്ണ് കെട്ടാൻ പ്രായമായവനും ഹൈസ്കൂൾ ക്ലാസ്സുകളിലെ പിൻ ബെഞ്ചുകൾക്ക് അലങ്കാരമായിരുന്നു. 9.ബി. എനിക്ക് മിക്കവാറും സബ്സ്റ്റിറ്റ്യൂഷൻ കിട്ടിയിരുന്ന ഒരു ക്ലാസ്സായിരുന്നു. അവിടെയാണ് എന്റെ കഥയിലെ നായകൻ മനോജ് കുമാർ.(പേര് സാങ്കൽപ്പികം) ആ ക്ലാസ്സിൽ മുട്ടനാടുകളുടെ ഇടയിലെ ഒരു കുഞ്ഞാട് പോലെ ഞാനെന്ന് എനിക്ക് തോന്നി. പിൻ ബഞ്ചുകളിലേയ്ക്ക് നോക്കാൻ എനിക്ക് ഭയമായിരുന്നു. അനുഭവ സമ്പത്തുള്ള ഒരു കർക്കശയായ അധ്യാപികയെ പോലെ ഞാൻ ആ ക്ലാസ്സ് കൈകാര്യം ചെയ്തിരുന്നു. കായിക മത്സരങ്ങൾ തകൃതിയായി നടക്കുന്നു. നമ്മുടെ കഥാനായകൻ കായിക ഇനങ്ങളിൽ സ്കൂളിന്റെ പേര് വാനോളം ഉയർത്തിയവൻ. അതിന്റെ അഹങ്കാരം ആവോളം അവനിലുണ്ട്. ഹൈജമ്പ് മത്സരത്തിന്റെ വിധി കർത്താവായിരിക്കാൻ എനിക്ക് അവസരം കിട്ടി. പ്രഗൽഭയായ ഒരു വിധികർത്താവിനെപ്പോലെ ഞാൻ. പെട്ടെന്ന് കുട്ടികൾ എന്നോട് പറഞ്ഞു.ടീച്ചർ ഇവിടെ നിന്നും മാറിനിന്നോ അല്ലെങ്കിൽ മിൽഖാ സിംഗ് (മനോജ്) ടീച്ചറിനെ ഇടിച്ചിടും. അടുത്ത മൽസരാർത്ഥിയെ നോക്കിയ ഞാൻ കണ്ടു നമ്മുടെ കഥാപാത്രം മിന്നും പ്രകടനത്തിനായുള്ള കോപ്രായങ്ങൾ കാണിക്കുന്നു. ഞാൻ നോക്കുന്നത് കണ്ടവൻ എന്നെ നോക്കി ഇളിച്ചുകൊണ്ട് കണ്ണിറുക്കി. ഞാൻ നിസഹായയായി. ആകാശത്തേക്ക് നോക്കിക്കൊണ്ട് ഞാൻ ദൈവത്തോട് പറഞ്ഞു "ഇവിടെ ഇങ്ങനെ നിൽക്കാൻ നീയാണ് എന്നെ നിയോഗിച്ചത് എന്ന് അവനെ ഒന്നു ബോധ്യപ്പെടുത്തി കൊടുക്കണേ" . ടീച്ചറേ എന്നോട് ക്ഷമിക്കണേ

ഞാൻ ഇനി ഒരിക്കലും അങ്ങനെ ചെയ്യില്ല എന്ന് അവൻ എന്റെ മുമ്പിൽ വന്ന് കൈകൂപ്പി പറഞ്ഞു. എന്നോടൊപ്പം വിധികർത്താവായ അലക്സാണ്ടർ സാർ എന്നോട് ചോദിച്ചു "എന്താ ടീച്ചർ, എന്താണ് സംഭവിച്ചത് എന്ന്". അവനോട് ഞാൻ പറഞ്ഞു ടീച്ചർ നിന്റെ കളിപിള്ളയല്ല. 2007-ൽ എടത്വാ പള്ളിയിൽ പെരുന്നാളിന് മോൾക്ക് കളിപ്പാട്ടം വാങ്ങാൻ കടയിൽ നിൽക്കുമ്പോൾ മനോജ് എന്റെ അടുക്കൽ വന്നു. അവൻ എന്നോട് ചോദിച്ചു ടീച്ചർക്ക് എന്നെ ഓർമ്മയുണ്ടോ?" ടീച്ചർ എന്നെ അനുഗ്രഹിക്കണം". എന്നിട്ട് എന്റെ കാലിൽ തൊട്ടുതൊഴുതു.എനിക്ക് പട്ടാളത്തിലേക്ക് സെലക്ഷൻ കിട്ടി. അടുത്ത തിങ്കളാഴ്ച പഞ്ചാബിലേക്ക് പോകുകയാണ്. ഞാൻ അവനോട് പറഞ്ഞു "നീ ക്ഷമ ചോദിച്ച ദിവസം തന്നെ ദൈവം നിന്നെ അനുഗ്രഹിച്ചു. നീ മനസമാധാനത്തോടെ പോയി വിജയം കൈവരിക്ക്". അന്ന് ആ സംഭവത്തിനു ശേഷം അവനും അവന്റെ കൂട്ടുകാരും അനുസരണയുള്ള കുട്ടികളായി മാറി. ആ കൊല്ലത്തെ ആനിവേഴ്സറിയിൽ എനിക്ക് ഡിസിപ്ളിൻ ട്യൂട്ടിയാണ് കിട്ടിയത്. അവരുടെ സഹകരണത്തോടെ മികച്ച ഡിസിപ്ളിൻ കാഴ്ചവെക്കാൻ എനിക്ക് സാധിച്ചു.

ദീപ ജോമോൻ

(കൈറ്റ് മിസ്ട്രസ്)

വൈക്കം മുഹമ്മദ് ബഷീർ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ.1908 ജനുവരി 21 തലയോലപ്പറമ്പ്, വൈക്കത്താണ് ജനനം.പാത്തുമ്മയുടെ ആട് ബാല്യകാലസഖി,പ്രേമലേഖനം,ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് മതിലുകൾ,കഥാവീട്,ഭാർഗവീനിലയം തുടങ്ങിയവ പ്രധാന കൃതികളാണ്.1982-ൽ ഇന്ത്യ ഗവർൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾഎന്ന് വിശേഷിപ്പിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്ന ബഷീർ.1994 ജൂലൈ 5-നാണ് അദ്ദേഹത്തിന്റെ മരണം.

അഖിൽ വി

IX

ഹൈടെക് മറക്കാനാവാത്ത ഓർമ്മകൾ

മാറ്റങ്ങളുടെ വർഷം
പ്രളയത്തിന്റെ വാരങ്ങൾ
നഷ്ടമായ പഠനദിനങ്ങൾ
നഷ്ടബോധത്തിന്റെ ഓർമ്മകൾ
ദേവമാതായിലെ ഞങ്ങളുടെ
അവസാന വർഷം
എങ്കിലും മോദത്തോടെ
പടിയിറങ്ങാം.....
ഇത് ഹൈടെക് വർഷം
ക്ലാസ് മുറികൾ ഹൈടെക് ആയി
വിജ്ഞാനം വിരൽത്തുമ്പിൽ..
കണ്ണുകൾ സ്ക്രീനിലേയ്ക്ക്
ബോർഡും ചോക്കും അകലേയ്ക്ക്..
പാഠപുസ്തകത്തിനപ്പുറം
പഠന സൈറ്റുകളിലേയ്ക്ക്
സമഗ്രയും സമ്പൂർണയും
സമേതവും ലിറ്റിൽ കൈറ്റ്സും
പരിചിതപദങ്ങളായി
തിരയലായി തിരുത്തലായി
കണ്ടെത്തലായി,കാണാതായി
കണ്ടതെല്ലാം മറക്കാത്തതായി
നമോവാകാം..
നമ്മോടൊപ്പമുള്ളവർക്ക്
നമ്മെ കരുതിയവർക്ക്
പരിശീലിപ്പിച്ചവർക്ക്
പരമശക്തന്..
നമോവാകാം..

ദേവദത്ത് എസ് കൃഷ്ണൻ
(സ്കൂൾ ലീഡർ)

AMAZING FACTS

$1^3+5^3+3^3=153$
$16^3+50^3+33^3=165033$
$166^3+500^3+333^3=166500333$
$1666^3+5000^3+3333^3=166650003333$
and so on and on
and on and on

If you shout for 8 years,
1 month and 6 days you produce enough energy to warm a cup of coffee.

Mandir = 6 words
Masjid = 6 words
Church = 6 words
Geeta = 5 words
Quran = 5 words
Bible = 5 words
They all say the same
6-5=1
“God is one”

Emil Sabu
VI

ബാധ്യതയായി മാറുന്ന മാലിന്യ സംസ്കരണം

പ്രകൃതി സുന്ദരമായ നമ്മുടെ നാട് ഖര,ദ്രാവക വാതക മാലിന്യം കൊണ്ട് അനുദിനം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരക്കം പാച്ചിലിൽ മാലിന്യക്കൂമ്പാരങ്ങൾ ഉയരുന്നു. ജനസംഖ്യാവർദ്ധനവും നഗരവത്ക്കരണവും നമ്മുടെ നാടിന് സമ്മാനിക്കുന്നത് മലിനീകരണഭീഷണിയാണ്.ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉപഭോഗത്താൽ മാലിന്യങ്ങൾ ജൈവ വിഘടനത്തിന് വഴങ്ങാതായിമാറിയതും മാലിന്യങ്ങളെ കൈകാര്യംചെയ്യുന്നതിന് തടസ്സമായി നിലകൊള്ളുന്നു. ഭാരതത്തിലെ നഗരങ്ങളിൽ പ്രതിവർഷം ദശലക്ഷക്കണക്കിന് ടൺ പാഴ്വസ്തുക്കൾ ഉണ്ടാകുമെന്നാണ് കണക്ക്. അപ്പാർട്ടുമെന്റുകൾ ,വീടുകൾ, ഹോട്ടലുകൾ,വാണിജ്യവ്യവസായസ്ഥാപനങ്ങൾ,അറവുശാലകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം വൻതോതിലുള്ള മാലിന്യങ്ങളാണ് പുറന്തള്ളപ്പെടുന്നത്.അതിജീവനത്തിനായുള്ള അവിടുത്തെ പാവം ജനങ്ങളുടെ നിലവിളി നമ്മൾ മാധ്യമങ്ങളിലൂടെ എല്ലാദിവസവും അറിയുന്നുണ്ട്.മാലിന്യസംസ്കരണം കേവലം ഒരു പ്രദേശത്തെ മാത്രം പ്രശ്നമായി മാറിയിരിക്കുകയാണ്.വിവാദങ്ങൾ നിരവധി സൃഷ്ടിക്കുകയും ഇപ്പോൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന മാലിന്യ സംസ്കരണത്തിനായി നമുക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന ചിന്ത വളരെ പ്രസക്തമാണ്.അതുകൊണ്ട് അടുത്ത തലമുറക്കെങ്കിലും സംതൃപ്തിയോടെ ഈ ലോകത്തിൽ ജീവിക്കാൻ വേണ്ടി നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാം.

അലൻ സാബു
IX

പുതുവർഷത്തിൻ പൊൻപുലരി

പോയ് മറഞ്ഞു ആ മഞ്ഞിൻ
രാവുകൾ,മനസ്സിലെ സുഖമുള്ള
ഓർമ്മകൾ, ആ നിറമുള്ള സ്വപ്നങ്ങൾ
ഇനിയും ബാക്കി, എങ്കിലും മധുരമുള്ള
സ്വപ്നങ്ങളുമായി,ഒരു പുതിയ
പ്രതീക്ഷതൻ കാൽവയ്പുമായി,
വന്നിറങ്ങുകയാണ് ഒരു "പുതുവർഷം".

കഴിഞ്ഞകാലങ്ങളിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കിയാൽ
നന്ദിയുണ്ട്,എല്ലാവരോടും വേദനിപ്പിച്ചവരോടും
സ്നേഹിച്ചവോടും,പരിഗണിച്ചവരോടും,
ഒഴിവാക്കിയവരോടും എന്നും കടപ്പെട്ടിരിക്കുന്നു

കഴിഞ്ഞുപോയ ദിനങ്ങളിൽ
നാം എങ്ങനെയായിരുന്നു,എന്തായിരുന്നു,എന്തു നേടി?
നമ്മുടെ കുറവുകൾ നമുക്കു മറക്കാം,
സുഖദു:ഖങ്ങൾക്കിടയിൽ നാം സൂക്ഷിച്ച ആത്മബന്ധങ്ങൾ
മാത്രം കൂടെ ചേർത്ത് പിടിച്ചുകൊണ്ട് ,
ഒരു പുതുവർഷത്തിലേക്ക്,ഒരു ചെറുപുഞ്ചിരിയോടെ കടക്കാം.

രാഹൽ.പി.രാജു
IX

MY MOTHER

The mother who loves

The mother who worries

The mother who helps

The mother who sacrifices

The mother who here only for me

The mother who has lived

All these years for me

The mother who is surviving

only for me.

I LOVE MY MOTHER.

Rahul P Raju
IX

SAVE WATER

Life on earth is possible because of water hence,water

is very important to people. We should save water and stop misusing it. 97% of water available on earth is salt water and hence cannot used only 3% is usable and so we must to careful in the way we use it. There are many ways to save water. We make underground tanks at our homes to store rain water . We should not throw waste in water.

Rehan S Thomas

IX

എന്റെ വെള്ളപ്പൊക്ക അനുഭവങ്ങൾ

2018 ആഗസ്റ്റ് 15 ന് കനത്ത മഴ കാരണം സ്കൂൾ നേരത്തെ വിട്ടു.കനത്ത മഴ മൂലം അന്നു രാത്രിയിൽ ഡാമുകൾ അപ്രതീക്ഷമായി തുറന്നുവിട്ടത് മൂലം ആറുകളിൽ വെള്ളം ഉയരാൻ തുടങ്ങി. ആറ്റിലെ വെള്ളം ക്രമാതീതമായി ഉയരുന്നത് കണ്ടപ്പോൾ വെള്ളം പിടിച്ചു നിർത്താൻ ഒരുപാട് ശ്രമിച്ചു.

മൺചാക്ക് അടുക്കിവച്ച് നിർത്താൻ ശ്രമിച്ചു അതിന് സാധിച്ചില്ല. വീടിന്റെ പറമ്പിൽ മുഴുവൻ വെള്ളം കയറി.കഴിയുന്നത്ര വീട്ടുപകരണങ്ങൾ പൊക്കിവയ്ച്ചു.ഓഗസ്റ്റ് 17 ന് ഞങ്ങൾ വീട്ടിൽ നിന്ന് പോയി. കുറേനേരം നോക്കിനിന്നിട്ടും ബോട്ട് ഒന്നും കിട്ടിയിലെങ്കിലും പിന്നീട് രക്ഷാപ്രവർത്തകരുടേ ബോട്ടുകളിൽ കയറി എന്റെ അമ്മയുടെ വീട്ടിലേക്ക് പോയി. വളരെ ദു:ഖമുണ്ടായിരുന്നു എനിക്ക് എന്റെ വീടിനെ കുറിച്ച്, എന്നാൽ എന്റെ അമ്മയുടെ വീട്ടിൽ എത്തിയപ്പൊൾ അതിലും വലിയ ദു:ഖമായിരുന്നു കാരണം എൻറെ അങ്കിൾ മരിച്ചു പോയി. പ്രളയം എല്ലാം കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചു വന്നു എന്റെ വീട് കണ്ടപ്പോൾ എനിക്ക് നല്ല സങ്കടമുണ്ടായിരുന്നു.

രഹൻ. എസ്. തോമസ്

ക്ലാസ്സ്:IX

പത്രവായന

ഒരാളുടെ നിത്യേനയുള്ള ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പത്രവായന. നമുക്ക് ചുറ്റുമുള്ള ലോകത്തിലെ എല്ലാ ,സംഭവങ്ങളും പത്രത്തിലൂടെ നമുക്ക് അറിയാൻ സാധിക്കുന്നു. നമ്മുടെ അറിവ് വർദ്ധിപ്പിക്കാൻ പത്രവായനഒരുശീലമാക്കേണ്ടതാണ്. പത്രങ്ങളിൽ നിന്ന് വാർത്തകൾ മാത്രമല്ല, ചുറ്റും നടക്കുന്ന സംഭവങ്ങളെക്കുറിച്ച് അറിവ് ലഭിക്കുന്നു. അതിനാൽ നമ്മുടെ അറിവും, സമൂഹത്തോടുള്ള ചുമതലയും വർദ്ധിപ്പിക്കാൻ, പത്രവായന ശിലമാക്കിതീർക്കേണ്ടത് അത്യാവശ്യമാണ്. വായനയിലൂടെ നമ്മൾ ക്രൂടുതൽ വളരുകയാണ്. വായിച്ചു വളരുക. വായനയിലൂടെ ബുദ്ധിവികാസവും അറിവുകളും ലഭിക്കുന്നു. നമ്മുടെ ജീവിതം മെച്ചപ്പെടുത്താൻ നമ്മളെ സഹായിക്കുന്നു.

ജിനോ ജോബി

VI

പ്രകൃതിമനോഹരി

പച്ചപട്ടുചേലചാർത്തി

പ്രകൃതിമനോഹരി

പുഴകൾ കിന്നരം മീട്ടുന്ന

പ്രകൃതിമനോഹരി

ഗിരിശൃംഗങ്ങൾ ശിരസ്സുയർത്തി പ്രകൃതിമനോഹരി

കുതിച്ചുപാഞ്ഞും തുള്ളിച്ചാടിയും പ്രകൃതിമനോഹരി

കാ..കാ..കി..കി..കു..കു പാട്ടും പ്രകൃതിമനോഹരി

നാനാ വർണ്ണങ്ങൾ വാരിവിതറും പ്രകൃതിമനോഹരി

അലയാഴികൾ ഓളം തുള്ളും പ്രകൃതിമനോഹരി

സപ്ത വർണ്ണങ്ങൾ മഴവില്ലുതീർക്കും പ്രകൃതി.

പാർവ്വതി. എം

IX

WE ARE ONE

We are one
We all are one.

We all are Indians
We all are a family.

We all are a big family
Muslims ,Hindus and Christians

They all are one
We all are one.

We all are a family
We are Indians.

JOSY BAIJU
IX

ഒരു നന്ദി പറഞ്ഞു കൂടെ.....

നാലാം ക്ലാസിൽ പഠിക്കുന്ന ജിബിൻ എന്ന കുട്ടി സമ്പന്നനാണ് അതിന്റെ അഹങ്കാരവും അവനുണ്ട് അവൻ ഒരിക്കലും അവനെ സഹായിക്കുന്നവരൊട് നന്ദി പറഞ്ഞിട്ടില്ല .

ഒരു ദിവസം ജിബിന് ഒരു പേന വേണമായിരുന്നു . അവൻ എല്ലാവരോടും എനിക്ക് ഒരു പേന തരുമോ എന്ന് ചോദിച്ചു ആരും അവനു പേന കൊടുത്തില്ല. ഒന്നും എഴുതാതിരിക്കുന്ന ജിബിനോട് ടീച്ചർ

ദേഷ്യത്തോടേ ടീച്ചർ ചോദിച്ചു :" എന്താണ് എഴുതാതേ ഇരിക്കുന്നത് ".ജിബിൻ പറഞ്ഞു :"പേന എടുക്കാൻ മറന്നു , എല്ലാരോടും ചോദിച്ചു ആരും തന്നില്ല" .ടീച്ചർ മറ്റു കുട്ടികളോട് ചോദിച്ചു അവർ പറഞ്ഞു :"അവനോട് സഹായം ചോദിച്ചാൽ അവൻ സഹായിക്കില്ല , ഒരു സഹായത്തിനും നന്ദി പറയില്ല ,തെറ്റു പറ്റിയാൽ മാപ്പ് പറയില്ല ടീച്ചർ അവനെ വഴക്കു പറഞ്ഞു. അവൻ അന്നു മുതൽ നന്ദി , മാപ്പ് എന്നീ വാക്കുകൾ ഉപയോഗിക്കാൻ തുടങ്ങി.

ജിൻസി ബൈജു

VII

പ്രളയത്തിൽ തകരാത്ത കേരളം

2018 ഓഗസ്റ്റ് 14 ന് കേരളം പ്രളയത്തിൽ മുങ്ങി .നിരവധി റോഡുകളും വീടുകളും പ്രളയത്തിൽ മുങ്ങി .ഡാമുകൾ തുറന്നു പുഴകൾ വഴി മാറി ഒഴുകി. കുട്ടനാട് പൂർണമായും മുങ്ങി.റോഡുകൾ തകർന്നു. രക്ഷാപ്രവർത്തനത്തിനായി മത്സ്യത്തൊഴിലാളികൾ വന്നു.സ്കൂളുകൾ ക്യാമ്പുകളായി മാറി. ജാതി, മത, വർഗ്ഗ, വർണ്ണ, വിവേചനം ഇല്ലാതെ എല്ലാവരും ഒന്നായി ജീവിച്ചു.

രക്ഷാപ്രവർത്തനത്തിനു ശേഷം ദുരിതാശ്വാസപ്രവർത്തനത്തിനു മുന്നേറ്റം നൽകി. നിരവധിയാളുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്തു. ഓരോ ക്യാമ്പിലേക്കും ഭക്ഷണവും വസ്തുവും നൽകി. അവർ ക്യാമ്പിൽ ഒരേ കുടുബം പോലെ ജീവിച്ചു. ഇന്ന് നാം നഷ്ടപെട്ടതെല്ലാം തിരിച്ചു പിടിക്കാനുള്ള ഭഗീരഥ പ്രയത്നത്തിലാണ്. നവകേരളം സൃഷ്ടിക്കാൻ നമുക്ക് കൈകോർക്കാം.

ജ്യോതീസ് ജോഷി
IX

തിരിച്ചടിക്കുന്ന പ്രകൃതി

മാന്യസദസ്സിന് നമസ്കാരം,

യന്ത്രവത്കരണത്തിലും
വികസനത്തിലും
വിദ്യാഭ്യാസത്തിലും
നമ്മുടെ കേരളം മുന്നിട്ടു
നിൽക്കുമ്പോഴും നാം പ്രകൃതി
ദുരന്തങ്ങളുടെ
ഭീഷണിയിലാണ്.മനുഷ്യൻ
പ്രകൃതിയോടും ചെയ്യുന്ന ക്രൂരതകൾക്ക് പ്രകൃതി തന്നാൽകഴിയും വിധം തിരിച്ചടിക്കുകയും ചെയ്യുന്നു. അത് മനുഷ്യ വംശത്തിനു തന്നെ കനത്ത നാശം വിതയ്ക്കുകയും ചെയ്യുന്നു. കാലം തെറ്റി എത്തുന്ന കാലവർഷംഅതിന് ഏറ്റവും വലിയ ഉദാഹരണമാണ്.

ഇനി എങ്കിലും നാം പ്രകൃതിയുടെ ഇച്ഛയ്ക്കൊത്ത് ജീവിച്ചില്ലെങ്കിൽ അത് നമ്മുടെ വരും തലമുറയ്ക്ക് വൻ നാശം വിതയ്ക്കും .ഇത്രയും പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

അമൽ കെ.പി

IX

അവൾ മൊഴിഞ്ഞു

പ്രഭാതം പൊട്ടി വിടർന്നു.കിഴക്കേ ചക്രവാളത്തിൽ പൂക്കൾ മിഴി തുറക്കുന്നു.അരുണോദയം കിളികളിൽ മനോഹരമായി നാദസ്വരം പൊഴിക്കുന്നു. പ്രകൃതി മനോഹരമായി കണി ഒരുക്കിയിരിക്കുന്നു. താഴെ റോഡിൽ നിന്നും വാഹനങ്ങളുടെ കാതടിപ്പിക്കുന്ന ശബ്ദം. മോളേ....അമ്മ നീട്ടി വിളിച്ചു. "ഇന്നു സ്കൂളിൽ പോകേണ്ടേ? താമസിച്ചാൽ പ്രിൻസിപ്പാൾ വഴക്കു പറയും.മോള് കുളക്കടവിൽ പോയി കുളിച്ചിട്ട് വാ". അപ്പോഴും അവളുടെ വായിൽ നിന്നും ഒരു അക്ഷരം പോലും വീഴുന്നില്ല. അവൾക്ക് മൊഴിയാൻ കഴിയില്ല അവൾ മൊഴിയുകയുമില്ല.അങ്ങനെ അവൾ കുളക്കടവിൽ ചെന്നു കുളിച്ചു. അമ്മിണിയമ്മ അതുവഴി വന്നു അവളോടു ചോദിച്ചു ,മോളിന്നും താമസിച്ചുവോ അവൾ അമ്മിണിയമ്മേനെ ഒന്നു നോക്കീട്ട്അങ്ങ് പോയി. പക്ഷേ ....അമ്മിണിയമ്മക്ക് ആ നോട്ടത്തിലൂടെ എന്തോ മനസ്സിലായി. അവൾ തന്റെമനസ്സിൽ മൊഴിയുന്നുണ്ട്.അവൾ സംസാരിക്കുന്നുണ്ട് അവൾക്ക്

തന്റെ ചുണ്ടുകൾ അനക്കാൻ അനക്കാൻ പറ്റുന്നില്ല. അവൾ എപ്പോഴും മനസ്സിൽ പറയുന്ന ഒരു കാര്യമുണ്ടായിരുന്നു.മനസ്സ്പറയുന്നതാണ് ശരി. ഒരു വ്യത്യാസമേയുള്ളൂ-മനസ്സ് പറയുന്നതാണ് ആർക്കും കേൾക്കാൻ പറ്റാത്തത്. നാവിൽനിന്നും വീഴുന്ന വാക്കുകൾ എല്ലാവർക്കും കേൾക്കാൻ മനസ്സറിയണം.

ജിസ്ന മരിയാ ജോമോൻ

അവിസ്മരണീയം

നമ്മുടെ മനസ്സിൽ ഭീതി പരത്തിയ ദിനങ്ങളായിരുന്നു പ്രളയദിനങ്ങൾ.ഒറ്റ നിമിഷം കൊണ്ട് നാം പാവപെട്ടവരായി.വീട് വിട്ടിറങ്ങുമ്പോൾ മുഖത്ത് നിന്നും പുഞ്ചിരി മാഞ്ഞുപോയിരുന്നു.നമ്മുടെ ജീവിതം, അധ്വാനഫലം,നാളെകളിലെ സ്വപ്നങ്ങൾ.....പ്രതീക്ഷകൾ.....എല്ലാം തകർന്നിരിക്കുന്നു.എവിടേക്ക് ? എങ്ങനെ? നൂറ് നൂറ് ചോദ്യങ്ങൾ. ഉത്തരമില്ലാത്തചോദ്യങ്ങൾ. ആശങ്കകൾക്കൊടുവിൽ രക്ഷാകരങ്ങളിൽ നാം തീരമണഞ്ഞു. ഒന്നിച്ചുപ്രാർത്ഥിച്ചും, ഒന്നിച്ചിരുന്നുണ്ടും, ഒന്നിച്ചുറങ്ങിയും ഒരു കുടുംബം പോലെ നമ്മൾ. ജാതിയോ,വർണ്ണമോ,പദവിയോ, സമ്പത്തോ ഒന്നും നമ്മുക്കിടയിലുണ്ടയിരുന്നില്ല. മനുഷ്യത്വം എന്തെന്ന് നാം ഒചിച്ചറിഞ്ഞു.

ട്രീസാ തോമസ്

IV

नन्हा उल्लु


असमान में कितने सितारे है?
बहुत से
कितने
तुम गिनकर देखलो
ऐक,दो,तीन,.....एक से एक,एक से दो
जब सूरज निकला एक हजार एक एक हजार दो
अम्मा,आसमान कितना ऊंचा है
बहुत ऊंचा है
जाओ जाकर देखो
कितना ऊंचा
तो कितना ऊंचा है आसमान
इतना ऊंचा कि में उडकर पहूंच ही नहीं सकता
जाओ,जाकर गिन लो
समुद् में कितनी लहरें हैं

एक,दो,तीन.....ग्यारह,बारह, तेरह
जब सूरज निकला एक हजार एक,एक हजार दो
तो कितनी लहरे है समुंदर में
इतनी कि मै गिन भि नहीं सकता
समुंदर कितना गहरा है
बहुत गहरा
कितनी गहरा
लगभग उतनी ही गहरा है जितना ऊंचा आसमान है
जितनी लहरे हैं समुंदर में ,जितने तारे है आसमगन मैं उतनी बार
आसमान कितना ऊंचा है और समुंदर जीतना गहरा , में तुम से उतना प्यार करता हुं,अम्मा

അമല ജോസഫ്,അഖിൽ വി

പ്രാർത്ഥന

ദൈവസമക്ഷം എത്തുന്ന പ്രാർത്ഥനകൾ ദൈവത്തോടുള്ള ചിന്തകളുടെ

ചൈതന്യമായിരിക്കും.

വിശ്വാസാധിഷ്ഠിതരായിരിക്കും.

പ്രാർത്ഥനയിൽ ഉണർവ്വ് ഉണ്ടായിരിക്കും.ശാരീരിക ദൗർബല്യങ്ങളെ കീഴപ്പെടുത്തി ആത്മീയശക്തി പ്രകടമാക്കാൻ പ്രാർത്ഥനയിലൂടെ സാധിക്കും.പ്രാർത്ഥനക്ക് ശേഷം നമുക്ക് മറ്റുള്ളവരെ മാനിക്കാൻ സാധിക്കും. അങ്ങനെയുള്ളവരുടെ മനസ്സ് നിസ്വാർത്ഥമായിരിക്കും. ദൈവത്തെ ഭയപ്പെടുന്നവരും ദൈവഹിതം മാനിക്കുന്നവരുമായിരിക്കും. പ്രാർത്ഥനയിലൂടെ സമർപ്പണമനോഭാവം കൈവരിക്കും. ദൈവസന്നിധിയിൽ പോകുകയും ദൈവാശ്രയ ബോധം കൈവരിക്കുകയും ചെയ്യുന്നു.

അനന്തിക എസ്
IX

എന്റെ വഴി വിളക്ക്

തോമസിന്റെയും ജിൻസിയുടെയും ഏകമകൾ ആയിരുന്നു നിയ. പഠനത്തിലും മറ്റ് ഇതര പ്രവർത്തനത്തിലും അവൾ മിടുക്കിയായിരുന്നു. അവളുടെ കുസൃതിയും ചിരിയും സന്തോഷവും എല്ലാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ടീച്ചറിനും വളരെ ഇഷ്ടമായിരുന്നു. ഓണപ്പരീക്ഷയെല്ലാം കഴിഞ്ഞ് രണ്ടാം സെമസ്റ്റർ തുടങ്ങിയപ്പോൾ നിയ ആകെ മാറിയിരുന്നു. അന്ന് ടീച്ചറിനുതോന്നി ക്ലാസ്സിൽ ഒരു മൗനം അവളുടെ മുഖത്ത് ഉണ്ടായിരുന്നു. ഒന്നിലും അവൾക്ക് താത്പര്യം ഇല്ലായിരുന്നു. ടീച്ചർ അവളോട് കാര്യം തിരക്കി .അവൾ ഒന്നും ഇല്ല എന്നു പറഞ്ഞ് ഒഴിഞ്ഞു മാറി.ടീച്ചർ അവളുടെ വീട്ടിൽ ചെന്നു കാര്യം തിരക്കി. അവളുടെ അമ്മ ടീച്ചറുടെ മുമ്പിൽ "അവരുടെ പപ്പയുടെ ബിസിനസ്സ് പൊളിഞ്ഞു . കടബാധ്യതകൾ വന്നു .അദ്ദഹം ഇപ്പോൾ മദ്യപാനിയായി.നിയയുടെ അമ്മ പറഞ്ഞു:ടീച്ചർ വേണം അവളെ പഴയ നിയ ആക്കാൻ.വിഷമിക്കേണ്ട എല്ലാം നമുക്ക് ശരിയാക്കാം.പപ്പയെനമുക്ക് ഒരുകൗൺസിലിങ് സെന്ററിലേക്ക് കൊണ്ടുപോകാം വേറെ ഒരു നല്ല ജോലി

ഒക്കെ സംഘടിപ്പിക്കാം. ധൈര്യമായിരിക്കു.പ്രശ്നങ്ങൾ എല്ലാം മാറ്റിവച്ചു നിയ നാളെമുതൽ സ്കൂളിൽ വരണം മിടുക്കി-യായിട്ട് പഠിക്കണം എങ്കിലേമമ്മിക്ക് സന്തോഷമാവൂ.

ടീച്ചറിന്റെറ വാക്കുകൾ അവൾക്ക് ആശ്വാസമായി. അതുവരെ കരഞ്ഞു കൊണ്ട്നിന്ന അവൾ ചെറു ചിരിയോടുകൂടി ടീച്ചറിനെ നോക്കി.

ടീച്ചർ അവളുടെ നിറുകയിൽ കൈവച്ച് അനുഗ്രഹിച്ചതിന് ശേഷം രണ്ടു പേരോടും യാത്രപറഞ്ഞ് സന്തോഷത്തോടെ മടങ്ങി. പിറ്റേദിവസംക്ലാസ്സിലേക്ക് വന്ന ടീച്ചറിന് ഒരുപാട് സന്തോഷമായിപിന്നെ ഒരിക്കലും അവളുടെ മുഖം വാടിയിട്ടില്ല.

സീനാമോൾ തോമസ്

(അധ്യാപിക, പൂർവ്വവിദ്യാർത്ഥി)

കഥകളി



കേരളത്തിന്റെ തനതായ അനവധി കലാരൂപങ്ങൾ ഇന്നും നിലവിലുണ്ട്. അവയിൽ സമുന്നതമായഒരു കലാരൂപമാണ്കഥകളി..സംഗീത,സാഹിത്യം നൃത്തം,നാട്യം,മേളം തുടങ്ങിയ സുന്ദരകലകളുടെ സമ്മേളനമാണ് ഈ കലാരൂപം.ഈ വിശേഷണങ്ങളെല്ലാം ഒത്തിണങ്ങിയ മറ്റൊരു കലാരൂപവും ലോകത്ത് ഒരിടത്തും കാണുകയില്ല.കഥകളിയിൽ പലതരത്തിലുള്ള വേഷങ്ങളാണുള്ളത്.നന്മയും തിന്മയും ഇടകലർന്ന കഥാപാത്രങ്ങൾകത്തിവേഷക്കാരാണ.ചെണ്ട,മദ്ദള,ചേങ്ങില,ഇലത്താളംഎന്നീവാദ്യോപകരണങ്ങളാണ് കഥകളിയ്ക്ക് ഉപയോഗിച്ച് വരുന്നത്.കഥാപാത്രങ്ങൾ രംഗത്ത് സംസാരിക്കുകയില്ല.സംഗീതത്തിനും താളത്തിനും അനുസരിച്ച് കൈമുദ്രകൾ കാട്ടിയാണ് അഭിനയിക്കുന്നത്.

സാനിയ ദേവസ്യ ,VI

ജീവിത നഷ്ടസ്വപ്നങ്ങൾ

എന്താ നടക്കുന്നത് ചോല്ലനീ,
ഈ പുനർജന്മം മനുഷ്യഭിക്ഷ,
അറിയില്ല എന്താ നടക്കുന്നത്,
പിന്നെയുംആർത്തിയിൽതാണമനുഷ്യൻ,
പ്രളയദുരിതത്തിൽഉടുതുണിയില്ലാതെ കൈയിൽ, ഒരു തുള്ളി വെള്ളമില്ല
മാലാഖജന്മംതൻ ഏറ്റവാങ്ങി,
പ്രളയദുരന്തത്തിൽ രക്ഷിക്കുവാൻ,
കടലമ്മതൻ മക്കൾ ഓടിയെത്തി,
ജീവിത സമ്പാദ്യം നഷ്ടപ്പെട്ടു,
പ്രളയത്തിൽ ജാതിമതവിശ്വാസമില്ലാതെ,
പരസ്പരംതുണയായിസ്നേഹിച്ചദിനങ്ങൾ
, സഹായങ്ങൾപലവഴി
വന്നുചേർന്നു, പ്രളയദുരന്തങ്ങൾ
മാറിപോയി, മനുഷ്യസ്വഭാവം

തിരിച്ചുവന്നു, ആർത്തിയിൽ
എന്തുചെയ്തിട്ടുഇപ്പോൾ, ജീവിനെ
കൊന്നുകുഴിച്ചിടുവാൻപോലും, മടിയില്ല മനുഷ്യർക്ക്
പണത്തിനുവേണ്ടി,
പ്രളയദുരന്തംവഴിമാറിപോയപ്പോൾ,
എവിടുന്നോതിരിച്ചെത്തി
മനുഷ്യൻതൻഅത്യാർത്തി.

അനുപ്രിയ സന്തോഷ്

VIII

മാതൃഭാഷ

മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്.കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്.സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണ്ണായകമായ പങ്കുവഹിക്കുന്നു.നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വാഭാവികമായ രീതിയിൽ ആവിഷ്കരിക്കാനും വിനിമയം ചെയ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു.അതുമല്ല സമ്പന്നമായ ഒരു സാഹിത്യലോകം മലയാളഭാഷക്കുണ്ട്.

നമ്മുടെ മാതൃഭാഷയെ നാം സ്നേഹിക്കുന്നുണ്ടോ?ഇതിനുള്ള ഉത്തരം ഇല്ല എന്നാണ്.ആ രീതിയിലായി കഴിഞ്ഞിരിക്കുന്നു. നമ്മുടെ സംസ്കാരം.നമ്മുടെ ഭരണപ്രതലങ്ങളിൽപോലും വേണ്ടത്ര പ്രാധാന്യം നാം മലയാളഭാഷയ്ക്ക് നൽകുന്നില്ല എന്നതാണ്സത്യം.എന്തൊരു പരിതാപകരമായ അവസ്ഥയാണ് ഇന്നത്തെ സമൂഹംനേരിടേണ്ടി വരുന്നത്.....

അപർണ്ണ.കെ.രാജേഷ്
IX

അതിജീവനത്തിന്റെ ആഹ്ലാദം

പ്രളയത്തിൽ നിന്നും കരകയറാനുള്ള ശ്രമത്തിലാണ് കേരളജനത.ഭരണയന്ത്രവും പൊതുസമൂഹവും ഏകോപനത്തോടെ പ്രവർത്തിച്ചാൽ നമ്മുടെ ദേശത്തിന്റെ പുതുനിർമ്മാണം വേഗത്തിൽ സാധ്യമാക്കാൻ കഴിയും. അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളുന്നവരാണ് കേരളജനത.പ്രകൃതി വിഭവങ്ങളെ ഏറ്റവും സൂക്ഷ്മതയോടെ വേണം നാം ഉപയോഗിക്കാൻ. നമ്മൾ മനുഷ്യർ ഈ പച്ചപ്പ് നിറഞ്ഞ പ്രകൃതി സൂക്ഷിക്കാൻ ശ്രമിക്കുക.പ്രകൃതിയോട് ഇണങ്ങി നിന്ന് സ്നേഹിക്കുക അവയെ മനസ്സിലാക്കുക.പ്രകൃതിയെ നാം സംരക്ഷിക്കുക.പ്രകൃതി സർവ്വചരാചരങ്ങളുടെയും അമ്മയാണ്.ആ പ്രകൃതിമാതാവിനെ നാം വേണ്ടവിധം പരിപാലിക്കണം.

അൽഫോൻസാ
VIII

ഏകാഗ്രത

നമസ്കാരം

ഞാൻഇന്ന്നിങ്ങളുമായിപങ്കുവ യ്ക്കാനാഗ്രഹിക്കുന്നത് ഏകാഗ്രതയെക്കുറിഞ്ഞാണ് .ഏതൊരുപ്രവൃത്തിചെയ്യുമ്പോഴും നമുക്ക, ഏകാഗ്രത ഉണ്ടാവണം. എങ്കിൽ മാത്രമേ നമ്മുടെ ജോലികൾ ശരിയായി ചെയ്യുതീർക്കാനും,അതുഴി ആത്മസംതൃപ്തിയുണ്ടാക്കാനും സാധിക്കു. ചെയ്യുന്ന പ്രവൃത്തിയിൽ താൽപര്യം ഉണ്ടെങ്കിൽ മാത്രമേ ,മുഴുവൻ ശ്രദ്ധയും ചെലുത്തി അത് ഭംഗിയായി നിർവഹിക്കാനാവൂ. താൽപര്യമുള്ള വിഷയത്തിൽ നമ്മുടെ ശരീരവും ,മനസ്സും കേന്ദ്രീകരിക്കുന്നതിനാൽ ബാഹ്യമായ ശല്യങ്ങളെല്ലാം നാം വിസ്മരിക്കുന്നു. തലയേറിനെ ജോലിചെയ്യിക്കാനും, അനുസരിപ്പിക്കാനുമുള്ള ശക്തിയാണ് ഏകാഗ്രത എന്ന് ആർണോൾഡ് ബന്നറ്റ് പറയുന്നു. അവയെന്നും തന്നെ നമ്മുടെ ഏകാഗ്രതയ്ക്കു ഭംഗംവരുത്തുന്നില്ല.ഏകാഗ്രതയോടുള്ള പ്രവർത്തനത്തിന് ആവശ്യംവേണ്ട മറ്റൊരുഗുണമാണ് കൃമ. ലക്ഷ്യബോധം കൊണ്ടും പരിളീലനം കൊണ്ടും ഏകാഗ്രത നിലനിർത്താനാവും.അശ്രദ്ധയോടെയും അലസമായുള്ള പ്രവർത്തനങ്ങൾ പരാജയങ്ങൾ നല്കുമ്പോൾ, ഏകാഗ്രതയോടുക്രടിയ ,ഏതൊരു പ്രവർത്തനവും ജീവിതത്തിൽ വിജയം മാത്രമേ സമ്മാനിക്കു എന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു നന്ദി നമസ്കാരം.

യദു കൃഷ്ണ ആർ
IX

നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത്

നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത് വലിയ വസ്തുക്കളോ പണമോ അല്ല .നമ്മൾ ലക്ഷ്യം വയ്ക്കേണ്ടത് അറിവിലൂടെ നേടാൻസാധിക്കുന്ന വിജയങ്ങളാണ് .പക്ഷേ തെറ്റായ മാർഗത്തിലൂടെ അല്ല കഠിനാധ്വാനത്തിലൂടെ വേണം വിജയിക്കുവാൻ. നക്ഷത്രങ്ങളെ ലക്ഷ്യംവെച്ചാലെ മരച്ചില്ലയിലെങ്കിലും എത്താൻ സാധിക്കു.

റോഷൻ ജെയിംസ്
IX

തെന്നാലിരാമൻതല്ലുകൊള്ളിരാമൻ

ഭാരതചരിത്രത്തിൽ പതിനാറാം നൂറ്റാണ്ടിൽ വിജയനഗരം ഭരിച്ചിരുന്ന കൃഷ്ണദേവരായർ വളരെ പ്രശസ്തനായിരുന്നു. പണ്ഡിതൻമാരെ അദ്ദേഹം ആദരിച്ചു. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങൾപോലെ ദേവരായസദസ്സിൽ അഷ്ടദിഗ്ഗജങ്ങളുണ്ടായിരുന്നു. അവരിലെ വിദൂഷകനായിരുന്നു തെന്നാലിരാമൻ.കൃഷ്ണ ജില്ലയിലെ ഗാലപ്പാട് ഗ്രാമത്തിലാണ് രാമന്റെ ജനനം.രാമന്റെ അച്ഛനായിരുന്നു ഗാർലപ്പാട് രാമയ്യ. രാമൻ കുഞ്ഞായിരിക്കുമ്പോഴേ അച്ഛൻ മരിച്ചു. അതോടെ രാമൻ തെന്നാലിയിലുള്ള അമ്മയുടെ വീട്ടിൽ താമസമായി. അങ്ങനെയാണ് രാമൻ തെന്നാലിരാമനായത്.തെന്നാലിരാമൻ ബാല്യത്തിൽ ഒരു തെമ്മാടിയായിരുന്നു. പഠിക്കാൻവിട്ടാൽ അവൻ കുസൃതികൾ കാട്ടും. ഒരിക്കൽ ഗുരുവിനെ അവൻ പറ്റിച്ചു. അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ കുറെ ചീഞ്ഞ പഴങ്ങൾ രാമൻ പൊറുക്കിവച്ചു. ഗുരു അതിൻമേൽ ഇരുന്നു. അപമാനിതനായ ഗുരു രാമനെ കിഴക്കാംതൂക്കായി കെട്ടിയിട്ടടിച്ചു. എന്നിട്ടും രാമൻ ബുദ്ധിമാനായിരുന്നു. പറയുന്നതെല്ലാം തന്നെ മറ്റു കുട്ടികളെക്കാൾ വേഗത്തിൽ പഠിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ രാമന്റെ പഠിപ്പ് അവസാനിച്ചു.വീട്ടിൽ പട്ടിണി എന്നിട്ടും രാമൻ ജോലിക്ക് പോയില്ല. മടിയാണ്. വായാടിയായതുകൊണ്ട് കണ്ടവരെയെല്ലാം കളിയാക്കും. അങ്ങനെ അവന്റെ നാക്കും നാട്ടുകാരുടെ കൈയ്യും നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരുന്നു. രാമന് ഭക്ഷണത്തിൽ മുട്ടുണ്ടായിരുന്നെങ്കിലും തല്ലിന് മുട്ടുണ്ടായിരുന്നില്ല.

മിദു കൃഷ്ണ ആർ
VIII

ജീവന്റെ നിലനിൽപ്പ്

ഒരിക്കൽ ഒരു ഗുരുവും തന്റെ ശിഷ്യനുമൊത്ത് ഒരു യാത്രയ്ക്ക് പോയി പോകും വഴി അവർ ഒരു പുഴയിൽ മുഖം കഴുകാൻ ഇറങ്ങി.അപ്പോൾ ശിഷ്യൻ ഒരു സ്വർണ്ണമത്സ്യത്തെ കണ്ടു. മേൽത്തരം സ്വർണ്ണത്തിന്റെ നിറമുള്ള ആ മത്സ്യത്തെ കണ്ട ശിഷ്യന് അതിനെ സ്വന്തമായി വളർത്താൻ തോന്നി. അവൻ ഗുരുവിനോട് അതിനേപറ്റി ചോദിച്ചപ്പോൾ ഗുരു പറഞ്ഞു: "അത് ഒരു പാവം മത്സ്യമാണ് .അതിനെ പിടിച്ച് ഒരു സ്ടടിക ഭരണിയിൽ അടച്ചിട്ട് നിനക്ക് എന്ത് ഫലം കിട്ടും" പക്ഷേ അവന് അത് കിട്ടിയേതീരു. ഒടുവിൽ മനസ്സില്ലാ മനസ്സോടെ ഗുരു അതിന് അനുവദിച്ചു അവൻ ഒരു ഭരണിയെടുത്ത് അതിൽ കുറച്ച് തീറ്റയിട്ടു .ആ ഭരണി വെള്ളത്തിൽ മുക്കി വെച്ച് കുറേകഴിഞ്ഞപ്പോൾ മത്സ്യം അതിനകത്ത് കയറി അവൻ ഭരണി പൊക്കി ആ പാവം മത്സ്യം അതിൽ പെട്ടു എന്നാൽ അതിവേഗത്തിൽ ചത്ത്പൊങ്ങി അപ്പോൾ ഗുരു പറഞ്ഞു "ഞാൻ അപ്പോഴേ പറഞ്ഞതല്ലേ അതിനേ വേഗതേ വിട്ട എന്ന് ഗുരു പറഞ്ഞു.ഒരു മത്സ്യത്തിന് അതിന്റെ പുഴ ഒരു ദൈവത്തേപോലെയാണ് . ദൈവത്തിൽ നിന്ന് എപ്പോൾ അകലുന്നുവോ അന്ന് അവൻ ഇത്പോലെ മരിക്കും ദൈവമാണ് ജീവന്റെ നിലനിൽപ് "ശിഷ്യന് തന്റെ തെറ്റ് മനസ്സിലായി .ഗുരുവിന്റെ കാലിൽവീണ് മാപ് അപേക്ഷിച്ചു .ഗുരു ഒരു പുഞ്ചിരിയോടെ അവനെ എഴുന്നേൽപ്പിച്ചു. അവർ യാത്ര തുടങ്ങി.

റോഷൻ ജെയിംസ്

IX

റെഡ്ക്രോസ്

അച്ചടക്കത്തിന്റെ ആദ്യപാഠങ്ങളും സഹകരണത മനോഭാവങ്ങളും ഉള്ളിലുണർത്തുന്ന സഘടനയാണ് റെഡ്ക്രോസ്. ഞങ്ങളുടെ അധ്യാപിക ബിന്ദ ടീച്ചറിന്റെ നേതൃത്വത്തിൽ 8, 9,10 ക്ലാസ്സുകളിലെ കുട്ടികൾ റെഡ്ക്രോസിൽസജീവമാണ്. സ്കൂളിലെ പഠന പഠനേതര പ്രവർത്തനങ്ങളിൽ സജീവമായി മുന്നേറുന്ന. സമാധാനത്തിന്റെ പ്രതീകമായി വെണ്മയാർന്ന യൂണിഫോമിൽ നിരന്ന നിൽക്കുമ്പോൾ അഭിമാനമാണ് തോന്നുക.സേവന സന്നദ്ധതയും, അർപ്പണമനോഭാവവുമുള്ള
ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ജ്രുണിയർ റെഡ്ക്രോസിന്റെ ലക്ഷ്യം. മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളിൽ നിന്ന് മുക്തമായ ഒരു സമൂഹം ഈ പ്രസ്ഥാനത്തിലൂടെ സാധ്യമാകട്ടെ.

നോബിൻ റ്റി മാത്യു

IX

പഠനോത്സവം

ഞങ്ങളുടെ മികവുത്സവം

അറിവിന്റെ....
അനുഭവത്തിന്റെ....
പ്രകടനത്തിന്റെ....
പ്രേരണയുടെ....
ഒരു പഠനവത്സരം....

2018-19 നാമെന്തായി?
നാമെന്തു നേടി?
ചിന്തിക്കാനായി....
ചിരിക്കാനായി....
വളരാനായി....
വളർത്താനായി....
നാം നേടിയതെല്ലാം

ഫെബ്രുവരി 12
ദേവമാതാ ഒന്നുചേരുന്നു
ഞങ്ങളായി
ഞങ്ങൾക്കായി
ഞങ്ങളോടൊപ്പം
നിങ്ങളെയും....
അറിയാം മുന്നേറാം
ഒന്നിച്ചുചേരാം ഒന്നാകാം
പഠനോത്സവത്തിലേയ്ക്ക്...

സിസ്റ്റർ ആൽഫി

അസാദ്ധ്യമായിട്ടൊന്നുമില്ല

ജാലകം ഡിജിറ്റൽ മാഗസിൻ അണിഞ്ഞൊരുങ്ങി കഴിഞ്ഞിരിക്കുന്നു.

സഫലമായ ഒരു ആവിഷ്കാരം.

ആത്മവിശ്വാസം തരുന്ന കാൽവയ്പ്.

ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും

നന്ദി

കഴിവുകൾ നല്കിയ പൊന്നുതമ്പുരാന്.....

മാർഗദീപമായ മാനേജരച്ചന്.....

പ്രോത്സാഹനമേകിയ അധ്യാപകർക്ക്.....

ആവശ്യങ്ങളിൽ സഹായികളായ അനധ്യാപകർക്ക്.....

താങ്ങും തണലുമായ മാതാപിതാക്കൾക്ക്.....

സഹായസഹകരണം നല്കിയ സഹപാഠികൾക്ക്.....

സഹകരിച്ച കുഞ്ഞനുജൻമാർക്കും അനുജത്തിമാർക്കും.....

നന്ദി...നന്ദി...നന്ദി


little
KITES